ശ്രീ. ഇ. പി. ഗോപാലൻ : ശരിയായ മാർഗ്ഗത്തിൽ കൂടിയല്ലാതെ പ്രവേശനം കിട്ടുന്ന പണിയെയാണു് ഞാൻ പണിയെന്നു് പറഞ്ഞതുകൊണ്ടു ഉദ്ദേശിച്ചിട്ടുള്ളതു്. ഈ മാർഗ്ഗം സ്ഥിരമായിട്ടു് ഒക്കും എന്നാണു് തെളിയുന്നതു ഇപ്പോഴാ കണ്ടുപിടിച്ചതുകൊണ്ടു്. ആരോ മാന്നാർ ടെയിനിംഗ് സ്കൂളിൽ ഇതിനുമുമ്പു് കാണിച്ചിരുന്നുവെന്നും പറയുന്നു. ഇങ്ങനെ നേരായ മാർഗ്ഗത്തിൽകൂടിയല്ലാതെ എത്ര പേർ ഇതിനുമുമ്പു് ടെയിനിംഗിനു് അഡ്മിഷൻ വാങ്ങിച്ചിട്ടുണ്ടു്?

ശ്രീ. എം.പി. ഗോവിന്ദൻ നായർ : ഇതു് ഗവണ്മെൻറിന്റെ ശ്രദ്ധയിൽ പൊങ്ങിക്കാണിച്ചപ്പോഴാ അതേപറ്റി അന്വേഷണം നടത്തി അതു് കണ്ടുപിടിക്കുകയും ചെയ്തു. മറ്റൊരുദാഹരണവും ഗവണ്മെൻറിന്റെ ശ്രദ്ധയിൽ പെടുത്തിയിട്ടില്ല.

ശ്രീ. എം. നാരായണക്കുറുപ്പു് : പി. എസ്. സി. ഇൻറർവ്യൂ നടത്തി ഇരുപതുപേരെ ടെയിനിംഗിനു എടുക്കണമെന്ന വ്യവസ്ഥവച്ചിരിക്കെ ഇതുപോലെ അനർഹമായി ചിലർക്കു പ്രവേശനം ലഭിച്ചതിന്റെ ഫലമായി അർഹതപ്പെട്ട വല്ല ആളുകൾക്കും പ്രവേശനം ലഭിക്കാതെ വന്നിട്ടുണ്ടോ ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ : വേറെ ആർക്കും പ്രവേശനം നിഷേധിക്കപ്പെട്ടിട്ടില്ല. വേറൊരു വിദ്യാർത്ഥിനി ഡിസ്ക്വണ്ടിനു ചെയ്ത സന്ദർഭത്തിൽ വേക്കൻസിയുണ്ടെന്നു് കാണുകയും അതനുസരിച്ചു് ഡെപ്യൂട്ടി ഡയറക്ടർ മെമ്മോ ഇഷ്യു ചെയ്തതിന്റെ ഫലമായി പ്രവേശനം നൽകുകയുമാണു് ചെയ്തിരിക്കുന്നതു്. ആ മെമ്മോ യഥാർത്ഥത്തിൽ Deputy Director issue ചെയ്തതല്ലായെന്നാണു് പ്രാഥമികാന്വേഷണത്തിൽ അറിയുന്നതു്. ഏതായാലും ഇതിനെ സംബന്ധിച്ചു് വിശദമായി അന്വേഷിച്ചുകൊണ്ടിരിക്കുകയാണു്.

PAPERS LAID ON THE TABLE

Mr. Speaker: On behalf of the Chief Minister the Minister for Public Health will now lay on the Table, a copy of the Annual Report of the State Education Advisory Board for 1961-62 together with a copy of Memorandum No. 41590/CS/62/Edn. dated 24-10-1963 as required under Section 4 (6) of the Kerala Education Act 1958 (Act 6 of 1959).

Minister for Public Health **(Shri M. P. Govindan Nair):**

Sir, I lay on the Table a copy of the Annual Report of the State Education Advisory Board for the year 1961-62 together with a copy of Memorandum No. 41590/CS/62/Edn. dated 24-10-1963 as required under Section 4 (6) of the Kerala Education Act, 1958 (Act 6 of 1959).

LEGISLATIVE BUSINESS

Kerala Land Reforms Bill, 1963—Consideration of Amendments.

Clause 2 (57)—*Contd.*

Mr. Speaker: Shri Maleth Gopinatha Pillai has concluded his speech the other day. Now Mr. Bhaskaran Nair will speak on amendment Nos. 366 and 1127.

ശ്രീ. മാലേത്തു് ഗോപിനാഥ പിള്ള : ഞാൻ എന്റെ പ്രസംഗം കൺക്ലൂഡ് ചെയ്യണമെന്ന ഉദ്ദേശത്തിൽ നിറുത്തിയതല്ല. എനിക്കു് ഇനിയും ചില കാര്യങ്ങൾ പറയാനുണ്ടു്. മണി പന്ത്രണ്ടരയായതുകൊണ്ടു് നിറുത്തിയതാണു്.

LIBRARY ARCHIVES Kerala Legislative Assembly